(ഡി) എങ്കിൽ ഇതു തടയാൻ ശീതീകരണ സംവിധാനം വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇതിനായി വിദേശ സാങ്കേതികസഹായം തേടുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 6 നഗര-ഗ്രാമ വിപണികൾ തുടങ്ങാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഇതു വ്യാപകമാക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) പരിശോധിക്കുന്നതാണ്.

ശബരിമല വികസനം

27(*233) ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല വികസനത്തിനു വേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ശബരിമല വികസനത്തിനു വേണ്ടി 20 ഹെക്ടർ സ്ഥലം അനുവദിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) വനഭൂമി അനുവദിക്കാൻ കേന്ദ്രസർക്കാർ മുന്നോട്ടുവച്ച നിബന്ധനകൾ എന്തെല്ലാമാണ് ;

(ഡി) ക്ഷേത്രവും അനുബന്ധങ്ങളും ഒഴികെ സന്നിധാനത്ത് നിർമ്മിച്ചിരിക്കുന്ന സ്ഥിരമായ നിർമ്മാണ പ്രവർത്തനങ്ങളുടെ വിസ്താരം എന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) വനംവകുപ്പും ദേവസ്വംബോർഡും തമ്മിലുള്ള കരാറുകാരുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എഫ്) ളാഹ-ചാലക്കയം ഭാഗത്ത് കടകൾക്ക് വനത്തിൽ സ്ഥലം അനുവദിച്ചതു പോലെ ഒരു വർക്ക് ഷോപ്പിനു സ്ഥലം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ശബരിമലയിലേയ്ക്കുള്ള ഗതാഗതത്തിരക്ക് ഒഴിവാക്കാൻ സഹായിക്കുന്ന എരുമേലി-ചാലക്കയം എൻ.എച്ച് റോഡിന്റെ അവസാനഘട്ട നിർമ്മാണം പൂർത്തിയാക്കുവാൻ ആവശ്യമായ വനഭൂമി വിട്ടുകൊടുക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ&ബി) ശബരിമല വികസനത്തിനുവേണ്ടി 20 ഹെക്ടർ വനഭൂമി ദേവസ്വം ബോർഡിന് കൈമാറുന്നതിനു വേണ്ടി കേന്ദ്രവന (സംരക്ഷണ) നിയമപ്രകാരം കേന്ദ്രാനുമതി ലഭിക്കാനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. കൂടാതെ വനഭൂമി എത്രയും വേഗം വിട്ടുകിട്ടണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് 16-4-1999-ൽ ബന്ധപ്പെട്ട ആളുകളുമായി ഞാൻ ബഹു: കേന്ദ്രപരിസ്ഥിതി വനവകുപ്പുമന്ത്രിയെ നേരിൽ കണ്ടു ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നുമുള്ള ഉദ്യോഗസ്ഥൻമാർ ശബരിമല സന്ദർശിക്കുകയും നിർദ്ദിഷ്ട പ്രദേശം പരിശോധിക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ചെയ്തു. അതിനുശേഷം കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ട മേൽ 20 ഹെക്ടർ സ്ഥലത്ത് ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കി സ്കെച്ച് സഹിതം 22-7-1999-ൽ കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തു.

ഈ പ്രദേശം തീർത്ഥാടനകേന്ദ്രം, വന്യജീവി സംരക്ഷിത വനമേഖല എന്നീ നിലകളിൽ വളരെയധികം പ്രാധാന്യം അർഹിക്കുന്നതാണെന്നും ആയതിനാൽ പ്രസ്തുത പ്രദേശത്ത് തീർത്ഥാടനാർത്ഥം ആവശ്യം വേണ്ടുന്ന സൗകര്യങ്ങളെക്കുറിച്ചും അവ ഏർപ്പെടുത്തുമ്പോൾ ഉണ്ടായേക്കാവുന്ന വന്യജീവി-പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ച പ്രകാരം വിദഗ്ധ പഠനം നടത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനു കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 8-5-1996-ൽ അഡീഷണൽ ഐ.ജി (ഫോറസ്റ്റ്) യുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച നിബന്ധനകൾ താഴെ പറയുന്നവയാണ്.

1. രുദ്രവനം പ്രോജക്ടിനായി 115 ഹെക്ടർ ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ സമർപ്പിച്ച ആദ്യ പ്രൊപ്പോസൽ പിൻവലിക്കുക.

2. ദേവസ്വം ബോർഡിന്റെ കൈവശമുള്ള സ്ഥലത്ത് ഇപ്പോൾ നില കൊള്ളുന്ന ഒറ്റനില മന്ദിരങ്ങൾ പൊളിച്ചുമാറ്റി പകരം ബഹുനില മന്ദിരങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

3. ചാലക്കയത്ത് വാഹനം പാർക്ക് ചെയ്യുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള 5 ഹെകടർ സ്ഥലം ഒഴിവാക്കി പകരം നിലയ്ക്കലോ, രാമംപാറ, പ്ലാപ്പള്ളി എന്നിവിടങ്ങളിലോ, ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുക.

(ഡി) സന്നിധാനത്ത് ക്ഷേത്രവും അനുബന്ധകെട്ടിടങ്ങളും ഒഴികെ സ്ഥിരമായി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾ, നടപ്പന്തലുകൾ, കക്കൂസുകൾ എന്നിവയുടെ ആകെ തറവിസ്താരം ഏകദേശം 52, 000 സ്കയർ മീറ്ററായി കണക്കാക്കുന്നു.

(ഇ) വനംവകുപ്പും ദേവസ്വംബോർഡും തമ്മിൽ പൊതുവായ കരാറുകൾ ഒന്നും ഇല്ല. ഓരോ പദ്ധതിക്കും സ്ഥലം വിട്ടുകൊടുക്കുമ്പോൾ കരാർ വയ്ക്കാറുണ്ട്.

(എഫ്) വർക്ക് ഷോപ്പിനുവേണ്ടിയുള്ള അപേക്ഷ വനംവകുപ്പിന് ലഭിച്ചിട്ടില്ല. അങ്ങനെയുള്ള അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി ഈ കാര്യം പരിശോധിക്കുന്നതാണ്.

(ജി) എരുമേലി-ചാലക്കയം റോഡിന്റെ വികസനത്തിനായി പി.ഡബ്ല്യൂ.ഡി. സമർപ്പിച്ച പ്രൊപ്പോസൽ അപൂർണ്ണമായതിനാൽ പൂർണ്ണ വിവരങ്ങൾ പി. ഡബ്ല്യൂ.ഡി. യോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

വനം വകുപ്പിന്റെ ബോധവൽക്കരണ ക്യാമ്പുകൾ

28(*234) ശ്രീമതി എൻ. കെ. രാധ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വനം വകുപ്പിൽ ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) ബോധവൽക്കരണ ക്യാമ്പുകളുടെ പേരിൽ വമ്പിച്ച ധൂർത്ത് നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വനങ്ങളുടെ അടുത്തുള്ള പ്രദേശങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ക്യാമ്പ് നടത്തിപ്പിന്റെ ചെലവ് സന്നദ്ധസംഘടനകൾ വഹിക്കണമെന്ന് തീരുമാനിക്കുമോ ;

(ഇ) സന്നദ്ധസംഘടനകൾ, ഗ്രന്ഥശാലകൾ, സാംസ്കാരിക സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly